# ‘പ്രശംസ’

## യിരമ്യാവു 9:23

‘‘ജ്ഞാനി തന്റെ ജ്ഞാനത്തിൽ പ്രശംസിക്കരുതു; ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കരുതു; ധനവാൻ തന്റെ ധനത്തിലും പ്രശംസിക്കരുതു. പ്രശംസിക്കുന്നവനോ: യഹോവയായ ഞാൻ ഭൂമിയിൽ ദയയും ന്യായവും നീതിയും പ്രവർത്തിക്കുന്നു എന്നിങ്ങനെ എന്നെ ഗ്രഹിച്ചറിയുന്നതിൽ തന്നേ പ്രശംസിക്കട്ടെ.’’

പ്രശംസ ഏതൊരു വ്യക്തിയുടെയും ഉൾത്തടത്തിലുള്ള വാഞ്ച എന്നു വേണമെങ്കിൽ ഈ വാക്കിനെ വിശേഷിപ്പിക്കാം. ഒരു പ്രശംസ ലഭിക്കണമെന്ന് ആഗ്രഹിക്കാത്തതായി ചുരുക്കം വ്യക്തികൾ മാത്രമാണെന്ന് നമുക്കറിയാം. എന്നാൽ തക്കസമയത്ത് കൊടുക്കുന്ന ഒരു പ്രശംസ അഥവാ അംഗീകാരം ജീവിതത്തിൽ പല പടവുകളും ശക്തിയോടെ മുന്നേറാൻ ഇടയാക്കുകയും ചെയ്യും. അതുകൊണ്ട് ഈ പദത്തിന് അതിന്റേതായ ഗുണവും ഒപ്പം ദൂഷ്യവും ഉണ്ട്.

പ്രശംസയെപ്പറ്റി ദൈവവചനം പറയുന്നു. ‘ജ്ഞാനി തന്റെ ബലത്തിൽ പ്രശംസിക്കരുത്. ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കരുത്. ധനവാൻ തന്റെ ധനത്തിലും പ്രശംസിക്കരുത്. പ്രശംസിക്കുന്നവനോ യഹോവയായ ഞാൻ ഭൂമിയിൽ ദയയും, ന്യായവും, നീതിയും പ്രവർത്തിക്കുന്നു എന്നിങ്ങനെ ഗ്രഹിച്ചറിയുന്നതിൽ തന്നെ പ്രശംസിക്കട്ടെ’. അതെ മനുഷ്യർക്ക് ധനവും ജ്ഞാനവും ബലവും ഉണ്ടായേക്കാം. എന്നാൽ ഇവയിൽ ഒന്നും പ്രശംസിക്കാൻ ഇടയാക്കരുതെന്ന് വചനം ഓർപ്പിക്കുന്നു. കാരണം ഈ കണ്ടതെല്ലാം ദൈവത്തിൽ നിന്നും സൗജന്യമായി ലഭിച്ച ദാനം മാത്രമാകുന്നു. ദൈവത്തിന്റെ ദയയും, ധ്യാനവും നമുക്ക് ലഭിച്ചില്ലായിരുന്നുവെങ്കിൽ ജ്ഞാനമോ, ധനമോ, ബലമോ അങ്ങനെ എന്തും ലഭിച്ചതൊന്നും ശാശ്വതമായിരുന്നില്ല. അതുകൊണ്ട് ഇവയൊക്കെ ചൊരിഞ്ഞ് നല്കിയ ദൈവത്തെ ഗ്രഹിച്ച് അറിഞ്ഞ് ജീവിക്കുക എന്നതിലാകുന്നു പ്രശംസയുടെ വിഷയം കിടക്കുന്നത്. ഗ്രഹിച്ചറിയുന്നതിൽ തന്നെ എന്നാകുന്നു വചനം പറയുന്നത്. ദൈവത്തെ യഥാർത്ഥമായി അറിയുന്നത് മാത്രമാണ് പ്രശംസാവിഷയം എന്നും അതു തന്നെയാകുന്നു ദൈവപ്രസാദവും എന്നും വീണ്ടും ഓർമ്മിപ്പിക്കുന്നു.

റോമാലേഖനം 11–17 ൽ പറയുന്നു കാട്ടൊലിവായ നിന്നെ നല്ല ഒലിവു മരത്തോട് ഒട്ടിച്ചു ചേർത്തു ഒലിവു മരത്തിന്റെ ഫലപ്രദമായ പങ്കാളിയായിത്തീർത്തു. അതുകൊണ്ട് കൊമ്പുകളുടെ നേരെ പ്രശംസിക്കരുത്. പ്രശംസിക്കുന്നു എങ്കിൽ നീ വേരിനെ അല്ല വേർ

നിന്നെയത്രെ ചുമക്കുന്നത് എന്ന് ഓർക്കുക. ദൈവത്തിന്റെ ദയയും നീതിയും എത്ര വലുതാകുന്നു. കാട്ടൊലിവിന്റെ കൊമ്പുകൾ നല്ല ഒലിവു മരത്തോട് ഒട്ടിച്ചാൽ അതിൽ നല്ല കായ് ഒരിക്കലും ഉണ്ടാകില്ല എന്നതാണ് ശാസ്ത്രം. എന്നാൽ കാട്ടൊലിവായിരുന്ന നമ്മുടെ മേൽ ദൈവിക നീതിയും, ദയയും, കൃപയും ഒഴുക്കിയപ്പോൾ അതിശയകരമായ ഫലം പുറപ്പെടുവിക്കുന്ന കൊമ്പുകളായതിനാൽ ഓരോ ദൈവമക്കൾക്കും ഭാഗ്യപദവി ലഭിച്ചു.

അതുകൊണ്ട് നമ്മുടെ **root** അഥവാ വേര് പലപ്പോഴും മറ്റു പലതിലും അടിസ്ഥാനപ്പെട്ടു വരുമ്പോൾ, മഹത്വം കൊടുക്കുന്നുവെങ്കിൽ ദൈവത്തിന്റെ വചനം പറയുന്നു, നീ വേരിനെയല്ല വേര് നിന്നെ ചുമക്കുന്നു. കാട്ടൊലിവായി ഫലം ഇല്ലാതിരുന്ന അവസ്ഥയിൽ നിന്ന് സന്തോഷത്തിന്റെ സമൃദ്ധിയുടെ നിറവായി വിശേഷിപ്പിക്കുന്ന ഒലിവു തൈകളായി നമ്മെ കൂട്ടിച്ചേർത്ത കൃപയ്ക്കായി സ്തോത്രം ചെയ്യാം. കുറിവാക്യത്തിൽ കണ്ടതുപോലെ യഹോവയുടെ ഈ അത്ഭുതകരമായ ജ്ഞാനം, ബലം എന്തെന്ന് ഗ്രഹിച്ചറിഞ്ഞു ജീവിക്കുവാൻ ഇടയാകട്ടെ. ഈ അഗാധജ്ഞാനം എത്ര ചിന്തിച്ചാലും മതിയാകില്ല. ഒരു മനുഷ്യനും ഉൾക്കൊള്ളാനോ ഏറ്റെടുക്കാനോ കഴിയാതെ പരാജയപ്പെട്ടു പോകുമ്പോൾ ദൈവമക്കൾക്ക് അവൻ വെളിപ്പെടുത്തിത്തന്ന അഗാധപരിജ്ഞാനത്തിനായി സ്തോത്രം ചെയ്യാം.

ഏതൊരു കാര്യത്തിന്റെ പിന്നിലും 'സ്വയം' എന്ന ഭാവവും അതിനു ലഭിക്കുന്ന 'പ്രശംസ' അഥവാ 'അംഗീകാര'വും മാത്രമാണ് ഇന്ന് മനുഷ്യന്റെ ലക്ഷ്യം. ലഭിക്കാതെ വരുമ്പോൾ ഫലം നിരാശയും. എന്നാൽ അങ്ങനെയൊരു ഫലമില്ല. വിശേഷപ്പെട്ട ഫലം പുറപ്പെടുവിക്കാനായി ദൈവത്തിന്റെ അളവറ്റ കൃപ എന്റെമേൽ ചൊരിഞ്ഞ ഒരു ദൈവപൈതലാണ് ഞാൻ എന്ന് ഓരോരുത്തരും അറിഞ്ഞ പരിജ്ഞാനത്തിൽ ഉറച്ചു നിൽക്കുക എന്നതാണ് ദൈവഹിതം. അങ്ങനെ ഒരു കാഴ്ചപ്പാടിൽ ദൈവസഭ നിറയട്ടെ, മനോഹരമാകട്ടെ എന്ന് പ്രത്യാശിക്കാം. പ്രാർത്ഥിക്കാം. എന്തെങ്കിലും മേന്മ പറയാനുണ്ടെങ്കിൽ അതിനാൽ മുഴുവൻ പ്രശംസയും കർത്താവിനു മാത്രമാകുന്നു എന്ന ബോധത്തിൽ, ജ്ഞാനത്തിൽ, ബലത്തിൽ നിലനിൽക്കാൻ ഏവരെയും വചനം സഹായിക്കട്ടെ.

സർവ്വജ്ഞാനിയും, സർവ്വ ശക്തനും ആയ കർത്താവിന് പൂർണ്ണ മഹത്വം കരേറ്റാം. പ്രശംസാ പാത്രമായ കർത്താവിനെ അധികമായി അറിയാം. അറിവ് ബുദ്ധിമണ്ഡലത്തിൽ മാത്രമായി ഒതുങ്ങി നിൽക്കാതെ ഹൃദയത്തിൽ നിറയട്ടെ. നിറഞ്ഞു കവിയുന്ന സ്നേഹം പുറത്തേക്ക് ഒഴുകട്ടെ.

പരാമർശം :
1 കൊരിന്ത്യർ 3:18

ആരും തന്നെത്താൻ വഞ്ചിക്കരുതു; താൻ ഈ ലോകത്തിൽ ജ്ഞാനി എന്നു നിങ്ങളിൽ ആർക്കെങ്കിലും തോന്നിയാൽ അവൻ ജ്ഞാനിയാകേണ്ടതിന്നു ഭോഷനായിത്തീരട്ടെ.

സിസ്റ്റർ ബിന്ദു റെജി അയ്മനം 087